**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊല്ലം നഗരസഭ - ശ്രീ.ജെ.ജയരാജനെ ഐ.ടി. ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

G.O.(Rt)No. 2599/2017/LSGD തിരുവനന്തപുരം, തീയതി. 26/07/2017

---

പരാമർശം:- 1.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.10.2016 തീയതിയിലെ ഡി.ബി.1-10377/16/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്.

2 . നഗരകാര്യ ഡയറക്ടറുടെ 12.01.2017, 22.05.2017, 04.07.2017 തീയതികളിലെ ഇ6-799/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ നിലവിൽ 250 ഓളം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ കൊല്ലം കോർപ്പറേഷനെ പേപ്പർലെസ്സ് ഓഫീസാക്കി മാറ്റുന്നതിന് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 1,52,47,000/- രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുള്ളതുമാണെന്നും ഈ സാഹചര്യത്തിൽ കൊല്ലം കോർപ്പറേഷൻ മെയിൻ ഓഫീസിലും സോണൽ ഓഫീസുകളിലുമായി വ്യാപിച്ചു കിടക്കുന്ന കമ്പ്യൂട്ടറുകളുടെ പ്രവർത്തനത്തിന്റെ ഏകോപനത്തിനും ഇ-ഗവേണൻസ്, ഇ-ടെണ്ടറിംഗ് എന്നിവയുടെ നടത്തിപ്പിനും ഒരു ഐ.ടി. ഓഫീസറുടെ സേവനം അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് യോഗ്യതയുള്ളതും കൊല്ലം കോർപ്പറേഷന്റെ കെ.എസ്.യു.ഡി.പി. യിൽ ഐ.ടി. ഓഫീസറായി സേവനം അനുഷ്ഠിച്ചുപോരുന്നതുമായ ശ്രീ. ജയരാജനെ ടിയാന്റെ സേവനപരിചയത്തിന്റെയും കൊല്ലം നഗരസഭയുടെ അടിയന്തിര ആവശ്യവും പരിഗണിച്ച് കരാറടിസ്ഥാനത്തിൽ കൊല്ലം നഗരസഭയിൽ ഐ.ടി. ഓഫീസറായി നിയമിക്കണമെന്ന് പരാമർശം രണ്ട് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.യു.ഡി.പി. യിൽ ഐ.ടി. ഓഫീസറായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ജയരാജനെ ടിയാന്റെ സേവനപരിചയത്തിന്റെയും കൊല്ലം നഗരസഭയുടെ അടിയന്തിര ആവശ്യവും പരിഗണിച്ച് കൊല്ലം നഗരസഭയിൽ കരാറടിസ്ഥാനത്തിൽ ഐ.ടി. ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V.S.SANTHOSH

UNDER SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
മേയർ, കൊല്ലം നഗരസഭ.
സെക്രട്ടറി, കൊല്ലം നഗരസഭ.
ശ്രീ. ജെ.ജയരാജൻ(നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ധനകാര്യ വകുപ്പ് (18.07.2017 തീയതിയിലെ DEV-4/69/2017-FIN നമ്പർ പ്രകാരം)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ